ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1017

# സൂറ – 32 / അസ്സജദ

**സൂക്തം: 4 – 6**

പ്രപഞ്ചസ്രഷ്ടാവും പാലകനുമായി നിങ്ങൾ അംഗീകരിക്കുന്ന ആ അല്ലാഹുവിനെത്തന്നെ നിങ്ങളുടെയും പാലകനും രക്ഷകനുമായി അംഗീകരിക്കുക. അതാണ് ന്യായവും സത്യവുമായിട്ടുള്ളത്. പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്നത് ഒരു ശക്തിയും പ്രപഞ്ചത്തിലെ ചെറിയൊരു ഗ്രഹമായ ഭൂമിയിലെ മനുഷ്യരെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും അവനെ കൂടാതുള്ള മറ്റൊരു ശക്തിയുമാവുക സാധ്യമല്ല.

اللَّهُ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا فِي سِتَّةِ
أَيَّامٍ ثُمَّ اسْتَوَىٰ عَلَى الْعَرْشِ ۖ مَا لَكُم مِّن دُونِهِ مِن وَلِيٍّ وَلَا
شَفِيعٍ ۚ أَفَلَا تَتَذَكَّرُونَ ﴿٤﴾

4. ആകാശഭൂമികളും അതിലുള്ളതൊക്കെയും ആറു നാളുകളിൽ സൃഷ്ടിച്ചത് അല്ലാഹുവാകുന്നു. എന്നിട്ടവൻ സിംഹാസനസ്ഥനായി. നിങ്ങൾക്ക് അവനല്ലാതെ മറ്റൊരു രക്ഷകനില്ല. ശിപാർശകനുമില്ല. നിങ്ങൾ ബോധവാന്മാരാകുന്നില്ലയോ?

**4**

اللَّهُ الَّذِي خَلَقَ = സൃഷ്ടിച്ച(ത്)വൻ അല്ലാഹുവാകുന്നു السَّمَاوَاتِ وَالْأَرْضَ = ആകാശഭൂമികൾ(ളും)
وَمَا بَيْنَهُمَا = (ഒക്കെയും) അവക്കിടയിലുള്ളത് فِي سِتَّةِ أَيَّامٍ = ആറു നാളുകളിൽ
ثُمَّ اسْتَوَىٰ عَلَى الْعَرْشِ = എന്നിട്ടവൻ സിംഹാസനസ്ഥനായി مَا لَكُم مِّن دُونِهِ = അവനല്ലാതെ നിങ്ങൾക്ക് ഇല്ല
مِن وَلِيٍّ = (മറ്റ്)ഒരു രക്ഷകൻ وَلَا شَفِيعٍ = (മറ്റ്)ഒരു ശിപാർശകനും
أَفَلَا تَتَذَكَّرُونَ = നിങ്ങൾ ഓർക്കു(ബോധവാന്മാരാകു)ന്നില്ലയോ

വിശുദ്ധ ഖുർആൻ എന്തിനു വേണ്ടി അവതീർണമായിരിക്കുന്നു എന്ന് ആമുഖമായി പ്രസ്താവിച്ച ശേഷം അതിന്റെ അടിസ്ഥാന പ്രമേയങ്ങളിലേക്കു കടക്കുകയാണ്. മനുഷ്യജന്മത്തിന്റെ ജയാപചയങ്ങൾ നിർണയിക്കുന്ന മൗലിക ഘടകം ദൈവത്തിലും അവന്റെ ഏകത്വത്തിലുമുള്ള വിശ്വാസമാണ്. ഈ പ്രപഞ്ചവും അതിലുള്ള സകലമാന വസ്തുക്കളും നിലനിൽക്കുന്നു എന്നതുതന്നെ അല്ലാഹുവിന്റെ അസ്തിത്വത്തെ സ്ഥിരപ്പെടുത്തുന്നു. അതൊക്കെയും സൃഷ്ടിച്ചതും പരിപാലിക്കുന്നതും അല്ലാഹുവാകുന്നു എന്ന കാര്യം എല്ലാ പൗരാണികരും സമ്മതിച്ചതാണ്. പ്രപഞ്ചസ്രഷ്ടാവും പാലകനുമായി നിങ്ങൾ അംഗീകരിക്കുന്ന ആ അല്ലാഹുവിനെത്തന്നെ നിങ്ങളുടെയും പാലകനും രക്ഷകനുമായി അംഗീകരിക്കുക. അതാണ് ന്യായവും സത്യവുമായിട്ടുള്ളത്. പ്രപഞ്ചത്തെ മുഴുവൻ സൃഷ്ടിച്ചു പരിപാലിക്കുന്നത് ഒരു ശക്തിയും പ്രപഞ്ചത്തിലെ ചെറിയൊരു ഗ്രഹമായ ഭൂമിയിലെ മനുഷ്യരെ രക്ഷിക്കുന്നതും ശിക്ഷിക്കുന്നതും അവനെ കൂടാതുള്ള മറ്റൊരു ശക്തിയുമാവുക സാധ്യമല്ല. ഈ യാഥാർഥ്യം നിങ്ങൾ ഓർക്കാത്തതെന്താണ് – أَفَلَا تَذَكَّرُونَ നേരിട്ടു രക്ഷയരുളുന്ന ഉറ്റവനാണ് وَلِيٌّ. സ്വന്തം സ്വാധീനമുപയോഗിച്ച് മറ്റൊരു ശക്തിയിൽനിന്ന് രക്ഷ വാങ്ങിക്കൊടുക്കുന്നവനാണ്

شَفِيعٌ - ശിപാർശകൻ. സകലതിന്റെയും പരമാധികാരിയും സർവശക്തനുമായ അല്ലാഹുവിന്റെ ഏകത്വത്തിലും അധികാരത്തിലും അവന്റെ സൃഷ്ടികളെ പങ്കുചേർക്കുകയാണ് അവനല്ലാത്തവരെ രക്ഷകരും ശിപാർശകരുമായി വരിക്കുന്നവർ ചെയ്യുന്നത്.

خَلَقَ السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا فِي سِتَّةِ أَيَّامٍ എന്ന വാക്യം ഖുർആനിൽ 7 തവണ വന്നിരിക്കുന്നു; *അൽ അഅ്റാഫ്* 54, *യൂനുസ്* 3, *ഹൂദ്* 7, *അൽഹദീദ്* 4, *അൽഫുർഖാൻ* 59, *അസ്സജദ* 4, *ഖാഫ്* 38 എന്നീ സൂക്തങ്ങളിൽ. ഇതിൽ *അൽ അഅ്റാഫ്, യൂനുസ്, അൽഹദീദ്, അൽഫുർഖാൻ, അസ്സജദ* സൂറകളിലെ സൂക്തങ്ങളിൽ ثُمَّ اسْتَوَىٰ عَلَى الْعَرْشِ എന്നു കൂടിയുണ്ട്. وَكَانَ عَرْشُهُ عَلَى الْمَاءِ-فِي سِتَّةِ أَيَّامٍ എന്നതിനു ശേഷം 'അവന്റെ സിംഹാസനം ജലത്തിന്മേലായിരുന്നു'- എന്നാണ് *ഹൂദ്* 7-ാം സൂക്തത്തിലുള്ളത്. *ഖാഫ്* 38-ാം സൂക്തത്തിലുള്ളത് سِتَّةِ أَيَّامٍ -നു ശേഷം مَا مَسَّنَا مِن لُّغُوبٍ -'നമുക്ക് യാതൊരു ക്ഷീണവുമേശിയിട്ടില്ല' എന്നാണ്. ഇവിടെ പറയുന്ന سِتَّةِ أَيَّامٍ ആറു നാളിന്റെയും اسْتَوَىٰ عَلَى الْعَرْشِ സിംഹാസനസ്ഥമായതിന്റെയും ആശയങ്ങൾ *അൽഅഅ്റാഫ്* 54, *ഹൂദ്* 7, *യൂനുസ്* 3, *അൽഫുർഖാൻ* 59 സൂക്തങ്ങൾക്കു താഴെ *ഖുർആൻ ബോധനം* ചർച്ച ചെയ്തിരിക്കുന്നു. *അൽഫുർഖാൻ* 59, *അസ്സജദ* 4, *ഖാഫ്* 38 സൂക്തങ്ങളിൽ خَلَقَ السَّمَاوَاتِ وَالْأَرْضَ -ക്കുശേഷം وَمَا بَيْنَهُمَا എന്നുകൂടി പറയുന്നുണ്ട്. സൃഷ്ടികൾ നിലകൊള്ളുന്ന ഇടമാണ് ആകാശഭൂമികൾ- പ്രപഞ്ച മണ്ഡലം. ഖുർആൻ ചിലയിടങ്ങളിൽ ആദ്യസൃഷ്ടിയായ ഈ മണ്ഡലത്തെക്കുറിച്ചു മാത്രം പറയുന്നു. ചിലയിടങ്ങളിൽ അനന്തരം മറ്റു ഘട്ടങ്ങളിൽ ഈ മണ്ഡലത്തിൽ സൃഷ്ടിച്ചുവെച്ച പദാർഥങ്ങളെക്കുറിച്ചുകൂടി പറയുന്നു.

ആറു ദിവസങ്ങളെ സുദീർഘമായ ആറു ഘട്ടങ്ങളായിട്ടാണ് പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുള്ളത്. وَإِنَّ يَوْمًا عِندَ رَبِّكَ كَأَلْفِ سَنَةٍ مِّمَّا تَعُدُّونَ -'നിന്റെ നാഥങ്കലെ ഒരു ദിവസം നിങ്ങൾ കണക്കാക്കുന്ന സഹസ്രാബ്ദത്തിനു തുല്യമാകുന്നു'- എന്ന് *അൽഹജ്ജ്* 47-ാം സൂക്തം പറയുന്നുണ്ടല്ലോ. ആറു നാളുകൾ തന്നെയാണ് ഉദ്ദേശ്യമെങ്കിൽ ഭൂമിയിലെ 24 മണിക്കൂറുകളല്ല പരലോകത്തിലെ ഒരു ദിവസം. അവിടെ ഒരു ദിവസം പൂർത്തിയാവാൻ ഭൂമിയിലെ 1000 സംവത്സരമെടുക്കും. ഇതനുസരിച്ച് ആകാശഭൂമികളുടെ സൃഷ്ടി പരിപൂർണതയിലെത്താൻ ഭൗമികമായ കാലഗണനയിൽ ആറായിരം കൊല്ലമെടുത്തിരിക്കണം. *അൽഹജ്ജ്* 47-ാം സൂക്തത്തിനു താഴെ കൊടുത്തിട്ടുള്ള വിശദീകരണവും കൂടി കാണാം.

പ്രപഞ്ചസൃഷ്ടിയെക്കുറിച്ച് കൂടുതൽ വിശദമായി പറഞ്ഞിട്ടുള്ളത് *ഫുസ്സിലഃ* (വിശദം) എന്ന സൂറയിലാണ്.

قُلْ أَئِنَّكُمْ لَتَكْفُرُونَ بِالَّذِي خَلَقَ الْأَرْضَ فِي يَوْمَيْنِ وَتَجْعَلُونَ لَهُ أَندَادًا ۚ ذَٰلِكَ رَبُّ الْعَالَمِينَ ﴿٩﴾ وَجَعَلَ فِيهَا رَوَاسِيَ مِن فَوْقِهَا وَبَارَكَ فِيهَا وَقَدَّرَ فِيهَا أَقْوَاتَهَا فِي أَرْبَعَةِ أَيَّامٍ سَوَاءً لِّلسَّائِلِينَ ﴿١٠﴾ ثُمَّ اسْتَوَىٰ إِلَى السَّمَاءِ وَهِيَ دُخَانٌ فَقَالَ لَهَا وَلِلْأَرْضِ ائْتِيَا طَوْعًا أَوْ كَرْهًا قَالَتَا أَتَيْنَا طَائِعِينَ ﴿١١﴾ فَقَضَاهُنَّ سَبْعَ سَمَاوَاتٍ فِي يَوْمَيْنِ وَأَوْحَىٰ فِي كُلِّ سَمَاءٍ أَمْرَهَا ۚ وَزَيَّنَّا السَّمَاءَ الدُّنْيَا بِمَصَابِيحَ وَحِفْظًا ۚ ذَٰلِكَ تَقْدِيرُ الْعَزِيزِ الْعَلِيمِ ﴿١٢﴾

''പ്രവാചകൻ അവരോടു ചോദിക്കുക: രണ്ടുനാളിൽ ഭൂമിയെ സൃഷ്ടിച്ചവനായ ദൈവത്തെ നിഷേധിക്കുകയും ഇതരന്മാരെ അവനു തുല്യരായി കൽപിക്കുകയുമാണോ നിങ്ങൾ? അവനാകുന്നു സർവലോകങ്ങളുടെയും നാഥൻ. ഭൂമിക്കുമീതെ അവൻ പർവതങ്ങളുറപ്പിച്ചു. അതിൽ അനുഗ്രഹങ്ങൾ നിക്ഷേപിച്ചു. ചോദിക്കുന്നവർക്കൊക്കെയും അവരുടെ ആവശ്യവും താൽപര്യവുമനുസരിച്ച് ആഹാരവിഭവങ്ങൾ ഒരുക്കിവെക്കുകയും ചെയ്തു. ഈ സംവിധാനങ്ങൾ നാലു നാളിൽ നടന്നു. അനന്തരം അവൻ ആകാശലോകത്തിനു നേരെ തിരിഞ്ഞു; അപ്പോഴത് കേവലം ധൂമമായിരുന്നു. ആകാശത്തോടും ഭൂമിയോടും അവൻ കൽപിച്ചു: ഉണ്ടായിവരുവിൻ, നിങ്ങൾ ഇഛിച്ചാലും ഇല്ലെങ്കിലും. അവ രണ്ടു പറഞ്ഞു: ഞങ്ങളിതാ ആജ്ഞാനുവർത്തികളായി വന്നിരിക്കുന്നു. അപ്പോൾ അവൻ രണ്ടു നാളിൽ അവയെ സപ്തവാനങ്ങളായി സംവിധാനിച്ചു. ഓരോ വാനത്തിനും അതിന്റെ ധർമം ബോധനം ചെയ്തു. സമീപവാനത്തെ ദീപാലംകൃതമാക്കി, സുരക്ഷിതവുമാക്കി. സർവജ്ഞനായ പരമശക്തന്റെ ആസൂത്രണമത്രെ ഇതൊക്കെയും'' (41: 9-12).

ഇവിടെ ഭൂമിയുടെ സൃഷ്ടിക്ക് രണ്ട്, അതിൽ വിഭവങ്ങളൊരുക്കാൻ നാല്, പിന്നെ വാനലോകം സംവിധാനിക്കാൻ രണ്ട് എന്നിങ്ങനെ സൃഷ്ടികാലം ആകെ എട്ടു നാളായാണ് എണ്ണിയിരിക്കുന്നത്. ഈ എട്ടിനെയും മൊത്തമായി പറയുന്ന ആറിനെയും പണ്ഡിതന്മാർ സമീകരിക്കുന്നതിങ്ങനെയാണ്: ഒരു സംഖ്യയെ പലയിനമായി വേർതിരിച്ചു കണക്കാക്കിയാൽ ചിലപ്പോൾ ആകെയുള്ള സംഖ്യയേക്കാൾ കൂടുതലായി കാണും. ഒരേ സംഖ്യ രണ്ടിനത്തിൽ ചേരുന്നതു കൊണ്ടാണിത്. ഭൂമിയെ സൃഷ്ടിക്കാനും അതിൽ വിഭവങ്ങളൊരുക്കാനും എടുത്ത ദിവസങ്ങളാണ് നാലെണ്ണം. കോഴിക്കോട്ടുനിന്ന് എറണാകുളത്തേക്ക് 200 കി.മീ, തിരുവനന്തപുരത്തേക്ക് 400 കി.മീ എന്നു പറയുന്നതുപോലെയാണിത്. കോഴിക്കോട്ടുനിന്ന് എറണാകുളത്തേക്കുള്ള 200 കി.മീ-ഉം എറണാകുളത്തുനിന്ന് തിരുവനന്തപുരത്തേക്കുള്ള ദൂരമായ 200 കി.മീ-ഉം ചേർന്നതാണ് 400 കി.മീ. എറണാകുളത്തുനിന്നുള്ള ദൂരം 400 കി.മീ ആയി കണക്കാക്കിയാൽ ആകെ 600 കി.മീ ആകും.

ഇവിടെ ഒരു ചോദ്യം ഉയരാവുന്നതാണ്. സൃഷ്ടി ഒരു കർമമാണ്. മനുഷ്യന് ഒരു കർമം ചെയ്യാൻ അതിന്റെ സ്ഥലവും കാലവും വേണം. സ്ഥലകാലാതീതനായ അല്ലാഹുവിന് അതാവശ്യമില്ലല്ലോ. അവൻ സംഭവിക്കട്ടെ- كُنْ -എന്നു കൽപിക്കുമ്പോൾ എന്തും സംഭവിക്കുന്നു. എങ്കിൽ പ്രപഞ്ചസൃഷ്ടി നടത്താൻ അവൻ ആറു ദിവസം, അഥവാ ഘട്ടം എടുക്കുന്നതെന്തിനാണ്? ഈ ചോദ്യത്തിന്റെ മറുപടി *ഖുർആൻ ബോധനം* 7:54 സൂക്തത്തിനു താഴെ നൽകിയിട്ടുണ്ട്. ചില ഖുർആൻ വ്യാഖ്യാതാക്കൾ അതു വിശദീകരിക്കുന്നതിങ്ങനെയാണ്: അല്ലാഹു പ്രപഞ്ചം സംഭവിക്കട്ടെ -كُنْ- എന്നു കൽപിച്ചപ്പോൾ പ്രാപഞ്ചിക മൂലകങ്ങൾ ഉളവായി. എന്നിട്ടവ ചേർന്നു പ്രവർത്തിച്ച് പലതരം പ്രാപഞ്ചിക പദാർഥങ്ങളുണ്ടാവുകയായിരുന്നു. അങ്ങനെ മൂലകങ്ങൾ ചേർന്നു പ്രവർത്തിച്ച് ഇക്കാണുന്ന പ്രപഞ്ചം ഉണ്ടാവണമെന്നു തന്നെയായിരുന്നു كُنْ എന്ന കൽപനകൊണ്ട് അവനുദ്ദേശിച്ചത്. നിങ്ങൾ ഒരു ചായ കുടിക്കണമെന്ന് തീരുമാനിച്ചാൽ ഒരു പാത്രമെടുത്ത് അതിൽ വെള്ളമൊഴിച്ച് അടുപ്പിൽ വെച്ച് തീ കത്തിച്ച് തിളപ്പിക്കുന്നു. പിന്നെ അതിൽ തേയിലയും പഞ്ചസാരയും പാലും ചേർത്ത് അടുപ്പിൽനിന്നിറക്കി പാകത്തിലുള്ള ചൂടിലേക്ക് ആറ്റിയെടുത്തു കുടിക്കുന്നു. ഇതിനു നിങ്ങൾ കുറേ മിനിറ്റുകൾ ചെലവിട്ടുവെന്നു പറയാം. എന്നാൽ യഥാർഥ

ത്തിൽ നിങ്ങൾ അതിനുവേണ്ടി സമയം ചെലവിട്ടിട്ടില്ല. സമയം ചെലവിട്ടത് ചായ സാധനങ്ങളുടെ ശേഖരണത്തിനും അവയുടെ പരസ്പരം ചേരലിനുമാണ്. ഏതാണ്ടിതുപോലെ മനസ്സിലാക്കാവുന്നതാണ് അല്ലാഹുവിന്റെ പ്രപഞ്ചനിർമാണം. ചായയുണ്ടാക്കാൻ പാത്രം, വെള്ളം, തേയില, പഞ്ചസാര, പാൽ തുടങ്ങിയ വസ്തുക്കൾ നേരത്തേ നിങ്ങളുടെ കൈവശമുണ്ടായിരിക്കണം. ഇല്ലെങ്കിൽ ശേഖരിക്കണം. അല്ലാഹുവിന് വല്ലതും നിർമിക്കാൻ ഘടക പദാർഥങ്ങളോ ഉപകരണങ്ങളോ ആവശ്യമില്ല. ഒരു പദാർഥം ഉണ്ടാവട്ടെ എന്നു കൽപിച്ചാൽ അതിനാവശ്യമായതെല്ലാം അതേ കൽപനയാൽതന്നെ ഉണ്ടായിക്കൊള്ളും. അല്ലാഹു കാലത്തിനതീതനായതിനാൽ ഈ പ്രക്രിയകളൊന്നും കാലത്തെ ആശ്രയിക്കുന്നില്ല. പക്ഷേ മനുഷ്യന് ഒരു കർമവും കാലത്തിനതീതമായി ഉൾക്കൊള്ളാനാവില്ല. പ്രപഞ്ചസൃഷ്ടി എന്ന ദൈവിക കർമം മനുഷ്യന് ഉൾക്കൊള്ളാൻ പാകത്തിൽ കാലാധിഷ്ഠിതമായി ചിത്രീകരിച്ചിരിക്കുകയാണ് അല്ലാഹു. പ്രപഞ്ചസൃഷ്ടിയുടെ വിശദാംശങ്ങൾ അല്ലാഹുവിന്റെ രഹസ്യങ്ങളിൽ പെട്ടതാണ്. പ്രപഞ്ചവും അതിലുള്ളതൊക്കെയും സൃഷ്ടിച്ചത് താനാണെന്ന് മൊത്തത്തിൽ പറയുന്നതല്ലാതെ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും ഖുർആൻ കടക്കുന്നില്ല.

مَّا أَشْهَدتُّهُمْ خَلْقَ السَّمَاوَاتِ وَالْأَرْضِ وَلَا خَلْقَ أَنفُسِهِمْ-'ആകാശഭൂമികളുടെ സൃഷ്ടിക്ക് അവരെ ഞാൻ സാക്ഷികളാക്കിയിട്ടില്ല. അവരുടെ തന്നെ സൃഷ്ടിക്കും സാക്ഷികളാക്കിയിട്ടില്ല'- എന്നു പറയുന്നുമുണ്ട്. ●

---

يُدَبِّرُ الْأَمْرَ مِنَ السَّمَاءِ إِلَى الْأَرْضِ ثُمَّ يَعْرُجُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ أَلْفَ سَنَةٍ مِّمَّا تَعُدُّونَ ﴿٥﴾

ذَٰلِكَ عَالِمُ الْغَيْبِ وَالشَّهَادَةِ الْعَزِيزُ الرَّحِيمُ ﴿٦﴾

5. വാനലോകം മുതൽ ഭൂലോകം വരെയുള്ള പ്രപഞ്ചകാര്യങ്ങൾ നിയന്ത്രിക്കുന്നത് അവൻ തന്നെയാകുന്നു. പിന്നീട്, നിങ്ങൾ ഗണിക്കുന്ന ഒരായിരം സംവത്സരത്തിന്റെ ദൈർഘ്യമുള്ള ഒരു നാളിൽ എല്ലാം അവങ്കലേക്ക് ആരോഹണം ചെയ്യുന്നു.
6. അഗോചരവും ഗോചരവുമായതൊക്കെയും അറിയുന്ന അജയ്യനും കരുണാമയനുമത്രെ അവൻ.

**5,6**

يُدَبِّرُ الْأَمْرَ = അവൻ (തന്നെയാകുന്നു) പ്രപഞ്ചകാര്യങ്ങൾ നിയന്ത്രിക്കുന്ന(ന്നത്)
مِنَ السَّمَاءِ إِلَى الْأَرْضِ = വാനലോകം മുതൽ ഭൂലോകം വരെയുള്ള
ثُمَّ يَعْرُجُ إِلَيْهِ = പിന്നീട് (എല്ലാം) അവങ്കലേക്ക് ആരോഹണം ചെയ്യുന്നു فِي يَوْمٍ = ഒരു നാളിൽ
كَانَ مِقْدَارُهُ = അതിന്റെ അളവ് (ദൈർഘ്യം ഉള്ള) ആകുന്നു أَلْفَ سَنَةٍ = ആയിരം സംവത്സരം
مِّمَّا تَعُدُّونَ = നിങ്ങൾ എണ്ണുന്ന(ഗണിക്കുന്ന)തിനാൽ ذَٰلِكَ = അത് (അതത്രെ അവൻ)
عَالِمُ الْغَيْبِ وَالشَّهَادَةِ = അഗോചരവും ഗോചരവുമായത് (ഒക്കെയും) അറിയുന്നവൻ
الْعَزِيزُ = അജയ്യനായ الرَّحِيمُ = കരുണാമയനായ

دُبْر (മൂട്, മുരട്, പിന്നാമ്പുറം)-ൽനിന്നുത്ഭവിച്ച ക്രിയാവചനങ്ങളാണ് تدابر -യും تدبير -ഉം ഒക്കെ. പരസ്പരം പുറംതിരിയലാണ് تدابر. അത് تدبر ആകുമ്പോൾ അർഥം കാര്യങ്ങളുടെ പൊരുളന്വേഷിച്ച് മനനം ചെയ്യലും പര്യാലോചനയുമാകുന്നു. സംവിധാനിക്കലും ആസൂത്രണവും നിയന്ത്രണവും ഭരണവുമൊക്കെ നടത്തലാണ് تدبير. ഇതിന്റെ വർത്തമാന ക്രിയാ രൂപമാകുന്നു يُدَبِّرُ. സമൂലം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു, ഭരിച്ചുകൊണ്ടിരിക്കുന്നു എന്നാണ് اسْتَوَىٰ عَلَى الْعَرْشِ -يُدَبِّرُ الْأَمْرَ -ന്റെ ആശയം. മുൻസൂക്തത്തിലെ -ന്റെ വിശദീകരണവും ബഹുദൈവിശ്വാസികളിൽ ചിലർ ഉന്നയിക്കാറുള്ള ഒരു വാദത്തിന്റെ ഖണ്ഡനവുമാണീ സൂക്തം.

വാനഭുവനങ്ങൾ സൃഷ്ടിച്ച് ഒരു സിംഹാസനത്തിൽ കയറി വെറുതെയിരിക്കുകയല്ല അല്ലാഹു. ആകാശവും ഭൂമിയും - മുഴുവൻ അണ്ഡകടാഹം- നിതാന്തമായി ഭരിച്ചുകൊണ്ടിരിക്കുകയാണ് അവൻ. ഭൂമിയിൽ അവനറിയാതെ ഇലകൊഴിയുന്നുപോലുമില്ല- وَمَا تَسْقُطُ مِن وَرَقَةٍ إِلَّا يَعْلَمُهَا എല്ലാം അവൻ സദാ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടും നിയന്ത്രിച്ചുകൊണ്ടുമിരിക്കുന്നു. لَا تَأْخُذُهُ سِنَةٌ وَلَا نَوْمٌ لَّهُ -'അവനെ മയക്കമോ നിദ്രയോ ബാധിക്കുന്നുമില്ല.' ചില വിഗ്രഹാരാധകർ വാദിച്ചു: പരമേശ്വരൻ ഈ പ്രപഞ്ചം സൃഷ്ടിച്ച് ചലിപ്പിച്ചുവിട്ട് മാറിനിൽക്കുകയാണ്. പ്രപഞ്ചത്തിന്റെ വിവിധ ഘടകങ്ങളുടെ നിയന്ത്രണം ഓരോ ഉപദൈവങ്ങളെ ഏൽപിച്ചിരിക്കുന്നു. ഭൂമിയുടെ ഭരണം ഏൽപിക്കപ്പെട്ട ദൈവങ്ങളെയാണ് മനുഷ്യർ ആരാധിക്കേണ്ടതും പ്രസാദിപ്പിക്കേണ്ടതും. ചിലർ പറഞ്ഞു: വാനലോകത്തിന്റെ ഭരണം മാത്രമേ അല്ലാഹു നേരിട്ടു നടത്തുന്നുള്ളൂ. ഭൂമിയെ ഉപദൈവങ്ങൾക്ക് വിട്ടുകൊടുത്തിരിക്കുന്നു. അവരാണതിനെ ഭരിക്കുന്നത്. രണ്ടു കൂട്ടരെയും നിഷേധിച്ചുകൊണ്ട് അല്ലാഹു പറയുകയാണ്:

പ്രപഞ്ചത്തിന്റെ ഒരംശത്തിന്റെയും ഭരണം അല്ലാഹു ആർക്കും കൈമാറിയിട്ടില്ല. ഭൂമിയും ആകാശവുമുൾപ്പെടെ സകലതിനെയും ഭരിച്ചുകൊണ്ടിരിക്കുന്നത് അവൻ മാത്രമാണ്; മറ്റാർക്കും ഒരു പങ്കുമില്ല.

عروج (ആരോഹണം)-ൽനിന്നുള്ള വർത്തമാന ക്രിയാവചനമാണ് يَعْرُجُ (ആരോഹണം ചെയ്യുന്നു). ആരോഹണം ചെയ്തെത്തി ഒരിടത്ത് ഹാൾട്ടാവുക എന്നും പ്രയാണവിരാമം പ്രാപിക്കുക എന്നുംകൂടി عروجന് അർഥമുണ്ട്. معراج കോണിയും കയറിപ്പോക്കുമാണ്. നബി (സ)യുടെ ആകാശാരോഹണത്തിന് معراج എന്നാണ് പറയുക. പ്രപഞ്ചത്തിന്റെ നിർമിതിയുടെയും നിലനിൽപിന്റെയും ഉത്തരവുകൾ അവരോഹണം ചെയ്തത് എവിടെ നിന്നാണോ ആ ഉറവിടത്തിലേക്കു ഈ നിർമിതി ആരോഹണം ചെയ്ത് ഹാൾട്ടാകുന്നു എന്നാകുന്നു എന്നാണ് يَعْرُجُ إِلَيْهِ എന്ന വാക്കിന്റെ താൽപര്യം. അതായത്, ഭൗതിക ലോകത്തിന്റെ പ്രവർത്തനം അവസാനിപ്പിച്ചശേഷം അതിൽ തന്റെ കൽപനകൾ എങ്ങനെ നടപ്പിലാക്കപ്പെട്ടുവെന്ന് പരിശോധിക്കുന്നതിനുവേണ്ടി എല്ലാം അവന്റെ മുമ്പിൽ സമർപ്പിതമാകുന്നു. ഈ പരിശോധനയുടെ ഫലമനുസരിച്ചായിരിക്കും സൃഷ്ടികളുടെ തുടർന്നുള്ള ഭാഗധേയം. മിതമായ അളവിൽ ആയിരം വർഷം ദൈർഘ്യമുള്ള ഒരു ദിവസത്തിലായിരിക്കും ഈ പ്രക്രിയ നടക്കുക. സൂറ *അൽ മആരിജ്* 4-ാം സൂക്തം ഇങ്ങനെയും പറയുന്നു:

تَعْرُجُ الْمَلَائِكَةُ وَالرُّوحُ إِلَيْهِ فِي يَوْمٍ كَانَ مِقْدَارُهُ خَمْسِينَ أَلْفَ سَنَةٍ ﴿٤﴾

'അമ്പതിനായിരം വത്സരത്തിന്റെ അളവുള്ള ഒരുനാളിൽ മലക്കുകളും ജിബ്‌രീലും അവങ്കലേക്കാരോഹണം ചെയ്യുന്നു.' പ്രത്യക്ഷത്തിൽ ഈ വാക്യങ്ങൾ തമ്മിൽ വൈരുധ്യമുള്ളതായി തോന്നാം. എന്നാൽ യഥാർഥത്തിൽ രണ്ടു കാലയളവുകളും ഒന്നു തന്നെയാണെന്ന് പണ്ഡിതന്മാർ മൂന്നു രൂപത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു: 1) ഗ്രഹങ്ങലുടെ വലിപ്പവും ഭ്രമണവേഗവുമനുസരിച്ചാണ് പ്രപഞ്ചത്തിന്റെ ഓരോ ഭാഗത്തും ദിനരാത്രങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഒരു ദിനചക്രം പൂർത്തിയാകാൻ ഭൂമിയിലെ ആയിരം വർഷം വേണ്ടിവരുന്ന ഗ്രഹങ്ങളുമുണ്ട്. ഖുർആൻ വിചാരണാ നാളിന്റെ സമയദൈർഘ്യത്തെ രണ്ടു സൂക്തങ്ങളിൽ വാനലോകത്തെ രണ്ടു വ്യത്യസ്ത ഗ്രഹങ്ങളുടെ ദിനരാത്ര ഭ്രമണത്തെ ഭൂമിയിലെ ദിനരാത്ര ദൈർഘ്യവുമായി താരതമ്യം ചെയ്തു പറഞ്ഞിരിക്കുകയാണ്. 2) അന്ത്യനാളിലെ നടപടികൾ ഭൗതികമായ സമയമെടുത്തു ചെയ്യുകയാണെങ്കിൽ പൂർത്തിയാക്കാൻ അമ്പതിനായിരം വർഷങ്ങൾ വേണ്ടിവരും. എന്നാൽ അല്ലാഹു അത് ഒറ്റദിവസം കൊണ്ട് പൂർത്തിയാക്കുന്നു. ശേബാ രാജ്ഞിയുടെ സിംഹാസനം സുലൈമാൻ നബിക്കുവേണ്ടി ജറൂസലമിലെത്തിക്കാൻ മനുഷ്യർക്ക് മാസങ്ങൾ വേണമായിരുന്നു. ഇഫ്‌രീത്ത് എന്ന ജിന്ന് അദ്ദേഹം സഭ വിട്ടുപോകുന്നതിനുമുമ്പായി എത്തിക്കാമെന്നേറ്റു. അല്ലാഹുവിന്റെ മലക്കുകൾ അദ്ദേഹം ഇമവെട്ടുമ്പോഴേക്കും അത് മുമ്പിലെത്തിച്ചുകൊടുത്തു. അല്ലാഹുവിന്റെ കർമങ്ങൾക്ക് സമയം ഒരുപാധിയല്ല. സൃഷ്ടികൾക്കാണ് സമയം വേണ്ടത്. അല്ലാഹുവിന്റെ കർമങ്ങളെ സൃഷ്ടികൾ സ്ഥലകാലാപേക്ഷിതമാക്കിയാൽ അവന്റെ ചില കർമങ്ങൾക്ക് ആയിരവും അമ്പതിനായിരവും വർഷങ്ങൾ കണക്കാക്കേണ്ടിവരും. 3) ഭൗതിക ലോകത്തിന്റെ പ്രവർത്തന റിക്കാർഡുകൾ ദൈവസന്നിധിയിലെത്താനുള്ള കാലമാണ് 1000 വർഷം. അത് എത്തിച്ചേരാനും വിചാരണാ നടപടികൾ പൂർത്തിയാകാനുമുള്ള സമയമാണ് അമ്പതിനായിരം വർഷം. പ്രപഞ്ചസൃഷ്ടിയും അതിന്റെ അവസാനവും വിചാരണയും അതിനുവേണ്ട സമയവുമൊക്കെ അജ്ഞേയമായത് -غيب- ആണ്. അവയുടെ കൃത്യമായ രൂപം നമുക്ക് ഉൾക്കൊള്ളാനാവില്ല. അല്ലാഹു മാത്രമാണ് ഗോചരവും അഗോചരവും ജ്ഞേയവും അജ്ഞേയവും- عَالِمُ الْغَيْبِ وَالشَّهَادَةِ -ഒരുപോലെ അറിയുന്നവൻ, എല്ലാറ്റിനെയും അതിജയിച്ചു നിൽക്കുന്നവൻ. അവനുമീതെയോ സമാനനായോ ആരുമില്ല. ഈ വിധം അളവറ്റ ശക്തിക്കും ഗാംഭീര്യത്തിനും ഉടമയായതോടൊപ്പം തന്റെ സൃഷ്ടികളോട് ഏറെ കനിവും കാരുണ്യവുമുള്ളവനാണവൻ. അതിനാൽ അവന്റെ അടിമകൾ പൂർണമായ ശുഭപ്രതീക്ഷയോടെ അവനിൽതന്നെ സർവവും സമർപ്പിച്ചുകൊള്ളട്ടെ. ●